പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിൽ ചുവടെ പറഞ്ഞിരിക്കും പ്രകാരമുള്ള 5 ഒഴിവുകൾ നിലവിലുണ്ട്.

കൊല്ലം	1
ഇടുക്കി	1
കോഴിക്കോട്	1
പാലക്കാട്	2

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-II തസ്തികയിൽ ചുവടെ പറഞ്ഞിരിക്കും പ്രകാരമുള്ള 4 ഒഴിവുകൾ നിലവിലുണ്ട്.

എറണാകുളം - 1

മലപ്പുറം - 3

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടായിട്ടും ആയതിലേയ്ക്ക് പ്രൊമോഷൻ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിലെ 5 ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ധനസഹായങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം

51 (3757) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ധനസഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയത് സംബന്ധിച്ച് എന്തെല്ലാം അന്വേഷണങ്ങളാണ് നടന്നുവരുന്നത്;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അന്വേഷണം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

പട്ടികജാതിക്കാർക്ക് ധനസഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അനുവദിച്ച പണം യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവരുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയെന്നത് സംബന്ധിച്ച് വകുപ്പിൽ പരാതികൾ നിലവിലില്ല. (തിരുവനന്തപുരം നഗരസഭയിൽ ക്രമക്കേട് കണ്ടെത്തിയത് വകുപ്പ് മുഖേന അനുവദിച്ച ആനുകൂല്യം സംബന്ധിച്ചാണ്. പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശിച്ചിട്ടുണ്ട്).

പട്ടിക ജാതി വികസന ഫണ്ട് തട്ടിപ്പ്

52 (3758) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നൽകുന്ന ആനുകൂല്യങ്ങൾ ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനാൽ ആവശ്യമായ സൈബർ സെക്യൂരിറ്റി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

വകുപ്പിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്ന ഇ-ഗ്രാന്റ്സ് സോഫ്റ്റ്വെയർ ഡാറ്റ സെന്ററിലാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. CERT-K Empanelled എന്ന ഏജൻസി സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയ ശേഷമാണ് സോഫ്റ്റ്വെയർ ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. ഓരോ രണ്ട് വർഷം കൂടുംതോറും സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഇ-ഹൗസിംഗ് സോഫ്റ്റ്വെയർ 2018-19 കാലഘട്ടത്തിൽ കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖേന സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. വകുപ്പ് നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയറിലും സെക്യൂരിറ്റി ഓഡിറ്റിംഗ് നടപടികൾ നടന്നുവരുന്നു.

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകളുടെ വിനിയോഗം

53 (3759) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി ചെലവഴിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly